**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6735** | **11-07-2024 - ൽ മറുപടിയ്ക്ക്**

**കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത ആനുകൂല്യങ്ങളിൽ നാളിതുവരെ എത്ര രൂപ കുടിശികയുണ്ടെന്ന് ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രസ്തുത ആനുകൂല്യങ്ങളിൽ നാളിതുവരെയുള്ള കുടിശികയുടെ ഇനം തിരിച്ച വിവരം താഴെ പറയുന്നു. |

| ഇനം | അപേക്ഷകളുടെ എണ്ണം | കുടിശിക തുക |
|---|---|---|
| മരണാനന്തര സഹായം | 34 | 62,000 |
| വിവാഹധനസഹായം | 13 | 4,00,000 |
| ആകെ | 47 | 4,62,000/- |

| | | | |
|---|---|---|---|
| (ബി) | ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകളാണ് തീരുമാനമെടുക്കാൻ ബോർഡിന്റെ പരിഗണനയിലുള്ളത്; ബോർഡ് തീരുമാനമെടുത്ത എത്ര അപേക്ഷകളിന്മേൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുണ്ട്; വിശദമാക്കുമോ; | (ബി) | പദ്ധതി വ്യവസ്ഥകൾ പ്രകാരം പെൻഷൻ അനുവദിക്കുന്നതിനാവശ്യമായ നിശ്ചിത സേവന കാലാവധി പൂർത്തിയാകാതെ അനാരോഗ്യം മൂലം സർവീസിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾ സമർപ്പിച്ച 253 പെൻഷൻ അപേക്ഷകളിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ബോർഡ് തീരുമാനമെടുത്ത മരണാനന്തര ധനസഹായത്തിനുള്ള 34 അപേക്ഷകളിലും വിവാഹ ധനസഹായത്തിനുള്ള 13 അപേക്ഷകളിലും ആനുകൂല്യം വിതരണം ചെയ്യുവാനുണ്ട്. |
| (സി) | ഓരോ ആനുകൂല്യങ്ങളുടെ ഇനത്തിലും എത്ര തുകയാണ് വിതരണം ചെയ്യാനുള്ളതെന്ന വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ? | (സി) | വിതരണം ചെയ്യാനുള്ള ആനുകൂല്യങ്ങളുടെ ഇനം തിരിച്ച വിവരം താഴെ പറയുന്നു. |

| ഇനം | അപേക്ഷകളുടെ എണ്ണം | കുടിശിക തുക |
|---|---|---|
| മരണാനന്തര സഹായം | 34 | 62,000 |
| വിവാഹധന സഹായം | 13 | 4,00,000 |
| ആകെ | 47 | 4,62,000 |

സെക്ഷൻ ഓഫീസർ

**അനുബന്ധം– 1**

കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ താഴെ പറയുന്നു.

| ക്രമ നം | ആനുകൂല്യം | വിശദാംശം |
|---|---|---|
| 1 | പാരിതോഷികം പദ്ധതി | ഓരോ സാമ്പത്തിക വർഷവും – 50,000 രൂപ വീതം<br>a. പ്രായാധിക്യം മൂലം പദ്ധതിയിൽ നിന്നും വിരമിക്കുന്ന ചെത്ത് തൊഴിലാളികളിൽ ജില്ലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സർവീസുള്ളവർക്ക്<br>b. ഏറ്റവും കൂടുതൽ കള്ള് അളവ്/ വേതനം ലഭിക്കുന്ന തെങ്ങ്/ പന ചെത്ത് തൊഴിലാളികൾക്ക്<br>c. ഏറ്റവും കൂടുതൽ കള്ള് അളവ്/ വേതനം ലഭിക്കുന്ന കരിമ്പന ചെത്ത് തൊഴിലാളികൾക്ക് (പാലക്കാട് ജില്ലയിൽ മാത്രം) |
| 2 | കിലെ സിവിൽ സർവ്വീസ് അക്കാദമിയിൽ പഠന ചെലവ് | അംഗങ്ങളുടെ ആശ്രിതർക്കായി – കോഴ്സ് ഫീസിന്റെ 50 ശതമാനം |
| 3 | സ്കോളർഷിപ്പ് | a. തൊഴിലാളികളുടെ മക്കളിൽ, 8–ാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ് – 1000/– രൂപ മുതൽ 6000/– രൂപ<br>b. എസ്.എസ്.എൽ.സി പരീക്ഷയിൽ സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് – സ്വർണ്ണമെഡലും, 5000/–, 3000/–, 2000/– രൂപ എന്ന ക്രമത്തിൽ ക്യാഷ് അവാർഡും<br>c. എസ്.എസ്.എൽ.സി പരീക്ഷയിൽ ജില്ലാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡ് – യഥാക്രമം 3000/–, 1500/–, 1000/– രൂപ വീതം |
| 4 | ലാപ്പ്ടോപ്പ് വിതരണം | സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ MBBS, B Tech, M Tech, |

| | | |
|---|---|---|
| | | BAMS, BDS, BVSc & AH, M Arch, B Arch, PG Ayurveda, PG Homeo, BHMS, MD, MDS, MVSc & AH, MBA, MCA, MS കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക്. |
| 5 | വിവാഹധനസഹായം | a. സർവീസിലുള്ള തൊഴിലാളികൾക്ക് – 40,000/- രൂപ (2 പെൺമക്കളുടെ വിഹാഹത്തിന്)<br>b. സർവീസിലിരിക്കെ മരണപ്പെടുന്ന തൊഴിലാളികൾക്ക് – 2,00,000/- രൂപ (2 പെൺമക്കളുടെ വിഹാഹത്തിന്) |
| 6 | മരണാനന്തര സഹായം | സർവീസിലിരിക്കെ മരണപ്പെടുന്നവർക്ക് – 5,000/-രൂപ<br>പെൻഷണർക്ക് – 3,000/- രൂപ |
| 7 | അവശതാ ധനസഹായം | വൃക്ഷത്തിൽ നിന്നും വീണ് പരിക്ക് പറ്റി പൂർണ്ണമായും ശാശ്വതമായും ജോലി ചെയ്യാൻ കഴിയാതെ വരുന്ന തൊഴിലാളികൾക്ക് – പ്രതിമാസം 300/- രൂപ |
| 8 | പെൻഷൻ (പ്രതിമാസം) | a. തൊഴിലാളി പെൻഷൻ – നിലവിൽ 3,000/- രൂപ മുതൽ 5,000/- രൂപ വരെ സേവന കാലയളവിന് അനുസരണമായി.<br>b. കുടുംബ പെൻഷൻ – മരണപ്പെട്ട പെൻഷണറുടെ ഭാര്യ/ ഭർത്താവിന് – നിലവിൽ അവസാനം കൈപ്പറ്റിയ പ്രതിമാസ പെൻഷൻ തുകയുടെ മൂന്നിൽ ഒന്ന് / 1,200 രൂപ ഇവയിൽ ഏതാണോ കൂടുതൽ ആയത്.<br>c. സാന്ത്വന പെൻഷൻ – സർവീസിലിരിക്കെ മരണപ്പെടുന്നവരുടെ ഭാര്യ/ ഭർത്താവിന്<br>മരണപ്പെട്ട തൊഴിലാളിക്ക് 60 വയസ് പൂർത്തിയാകുമായിരുന്ന തീയതി വരെ – പ്രതിമാസം 3000/- രൂപ<br>അതിനു ശേഷം – 1100/-രൂപ<br>മക്കൾക്ക്<br>ആൺകുട്ടിക്ക് 21 വയസ്സ് വരെയും പെൺകുട്ടിക്ക് വിവാഹം വരെയും |

| | | |
|---|---|---|
| 9 | അപകട ഇൻഷുറൻസ് പദ്ധതി | തൊഴിലാളി മരണപ്പെടുകയോ പൂർണ്ണമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ – ആറ് ലക്ഷം രൂപയുടെ ആനുകൂല്യം<br>ഭാഗികമായ അംഗവൈകല്യത്തിന് – 3 ലക്ഷം രൂപ<br>തൊഴിലുമായി ബന്ധപ്പെട്ട അപകടങ്ങളുടെ ആശുപത്രി ചെലവുകൾക്ക് – പരമാവധി 2 ലക്ഷം രൂപ<br>അപകടം മൂലം ഗുരുതരമായി പരിക്ക് പറ്റി ദീർഘകാലം കിടപ്പിലാകുന്ന രോഗികൾക്ക് – ആഴ്ചതോറും 5000/– രൂപ മുതൽ പ്രതിമാസം 15000/– രൂപ വരെ പരമാവധി 102 ആഴ്ച (1% of assured sum)<br>ഫ്രാക്ച്ചർ കേസുകൾ – ഒ.പി ട്രീറ്റ്മെന്റിന് പരമാവധി 10,000/– രൂപ<br>ആംബുലൻസ് സേവനം – 6000/– രൂപ |